യാക്കേണ്ടതാണെന്ന് 1975 ആഗസ്റ്റിൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയെങ്കിലും പണി പൂർത്തിയാകാതെ അവശേഷിച്ചിരുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ 1976 മാർച്ച് 31 നു വരെ പിന്നീട് സമയം നീട്ടിക്കൊടുത്തു. അതിനുശേഷം വീടു പണി ആരംഭിക്കാത്ത പ്പോട്ടുകൾ ഉപഭോക്താക്കൾക്ക് സ്ഥലമായിത്തന്നെ വിതരണം ചെയ്യുകയുണ്ടായി. അപ്രകാരം നൽകിയ സ്ഥലങ്ങളിൽ വീടു പണികഴിപ്പിക്കാൻ താൽപ്പര്യമുള്ളവർക്ക് തടിയും ഓടും സൗജന്യമായി നൽകാൻ ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്കരിച്ചു. എന്നാൽ, പ്രതീക്ഷിച്ച പ്രതികരണം ഉപഭോക്താക്കളിൽനിന്നും പഞ്ചായത്തുകളിൽനിന്നും ഉണ്ടാവാതിരുന്നതിനാൽ ഈ പദ്ധതിയും തുടരേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി.

(ബി) 48,000 വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കൊല്ലം ഒഴികെയുള്ള ജില്ലകളിൽ 38,918 വീടുകൾ താമസക്കാർക്ക് എൽപ്പിച്ചുകൊടുത്തു. കൊല്ലം ജില്ലയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉപഭോക്താക്കൾ അവരുടെ വിഹിതം നൽകാത്തതിനാലും, ചില സ്ഥലങ്ങളിൽ വേണ്ടത്ര ആവശ്യക്കാർ ഇല്ലാത്തതിനാലും, ചില പഞ്ചായത്തുകൾ ശുഷ്കാന്തി പ്രദർശിപ്പിക്കാത്തതിനാലും, അനധികൃതമായ കയ്യേറ്റം മൂലവും മറ്റുമുള്ള തടസ്സങ്ങളാലും, ബാക്കി വീടുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ഇ) ഇക്കാര്യം 'എ' വിഭാഗത്തിന്റെ ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഇ. എസ്. ഐ. കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതി

*367 [387] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആരോപണങ്ങളും പരാതികളും ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഏറെ നാളായി ഉയർന്നു വന്നിട്ടുള്ള ആരോപണങ്ങളും പരാതികളും തുടർന്നുകൊണ്ടിരിക്കുന്നതിനാൽ കേരളത്തിലെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഉൽക്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആരോപണങ്ങളും പരാതികളും ഒഴിവാക്കാൻ എന്തു നടപടികളും എടുക്കാനാണ് ഉദ്ദേശിക്കുന്നത്?

തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഇ. എസ്. ഐ. പദ്ധതിയുടെ പ്രവർത്തനത്തെപറ്റി പരാതിയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 7.12.1977 ൽ സി. ഐ. റി. യു. തന്ന ഒരു നിവേദനത്തിൻ മേൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരും സംഘടനാ നേതാക്കളുമായി ഒരു ചർച്ച 6-3-1978–ൽ നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടറൻമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

ജിയോളജിക്കൽ സർവ്വേ

*368 [388] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ കീഴിൽ കേരളത്തിൽ എവിടെയൊക്കെ പരിശോധന നടത്തിയിട്ടുണ്ട്;

(ബി) ബോക്സൈറ് നിക്ഷേപത്തെ സംബന്ധിച്ച വല്ല വിവരവും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണ്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) 33000 ചതുരശ്ര കിലോമീറർ പ്രാരംഭ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലായി 11.7 ദശലക്ഷം ടൺ ബോക്സൈറ് ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ

*369 [389] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ വ്യവസായങ്ങളുടെ വികസനത്തിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ സംസ്ഥാനത്തിന് ഈ കഴിഞ്ഞ വർഷം എത്ര രൂപ അനുവദിച്ചു;

(ബി) സംസ്ഥാന ഗവൺമെൻറ് ഇതിലേക്ക് വല്ല തുകയും അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര സംഖ്യ;

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വല്ലതെങ്കിലും പദ്ധതി ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത്;

LIBRARY ARCHIVES Kerala Legislative Assembly